# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്**

പുസ്തകം – 3 ലക്കം – 7 ആഗസ്റ്റ് – 2010

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)


# വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാളിന് ഒരുക്കങ്ങൾ പൂർത്തിയായി



*ì എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെനിന്ന് ഉണ്ടായി î (വി. ലൂക്കോ. 1.43)*

മണർകാട്: എട്ട് നോമ്പ് ആചരണത്തിന്റെ ആരംഭസ്ഥാനവും, ആഗോള മരിയൻ തീർത്ഥാടന കേന്ദ്രവുമായ മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോട് അനുബന്ധിച്ച് പൂർവ്വീകകാലം മുതൽ ആചരിച്ചുവരുന്ന എട്ടുനോമ്പ് പെരുന്നാളിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. ഈ വർഷത്തെ എട്ടു നോമ്പു പെരുന്നാളിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയായി ഹോംസിലെ ആർച്ച് ബിഷപ്പ് മോർ സിൽവാനോസ് പത്രോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് സംബന്ധിക്കുന്നതാണ്. സെപ്റ്റംബർ 1 മുതൽ 14 വരെ എല്ലാദിവസവും അഭിവന്ദ്യ തിരുമേനിമാർ വി. കുർബ്ബാന അർപ്പിക്കുന്നതുമാണ്.

അഞ്ചാം തീയതി പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ ആഭിമുഖ്യത്തിൽ പൊതുസമ്മേളനത്തിന് നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും, ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ്ബാവ പ്രഥമൻ ഉദ്ഘാടനം ചെയ്യുന്നതും കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, എം. എൽ.എ. മാർ, എം. പി. തുടങ്ങിയവർ സംബന്ധിക്കുന്നതുമാണ്.

6-ാം തീയതി ഉച്ചക്ക് 2.00-ന് കുരിശുപള്ളികളിലേക്കുള്ള റാസ, 7-ന് മദ്ധ്യാഹ്ന നമസ്കാരത്തെതുടർന്ന് വി. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെ ഛായാചിത്രം പൊതുദർശനത്തിനായി തുറക്കുന്നതാണ്.

8-ാം തീയതി അന്ത്യോഖ്യാ പ്രതിനിധി അഭിവന്ദ്യ മോർ സിൽവാനോസ് പത്രോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും കോഴിക്കോട് ഭദ്രാസനത്തിന്റെ അഭിവന്ദ്യ പൗലൂസ് മോർ ഐറേനിയസ് മെത്രാപ്പോലീത്തായുടെയും സഹ കാർമ്മികത്വത്തിലും വിശുദ്ധ കുർബ്ബാന. ഉച്ചകഴിഞ്ഞ് 2-മണിക്ക് റാസായോടെ പെരുന്നാൾ സമാപിക്കുന്നതാണ്.

# കൊടിമരം കൂദാശ ചെയ്തു



*കൊടിമരത്തിന്റെ കൂദാശ കോട്ടയം ഇടവകയുടെ അഭിവന്ദ്യ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു. പള്ളി വികാരി വന്ദ്യദിവ്യശ്രീ ഇ. ടി. കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പ ഇട്ട്യേടത്ത്, റവ. ഫാ. മാത്യൂസ് വടക്കേടത്ത്, റവ. ഫാ. ആൻഡ്രൂസ് ചിരവത്തറ പള്ളി ട്രസ്റ്റിമാർ തുടങ്ങിയവർ സമീപം.*

മണർകാട്: മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ (കരോട്ടെ പള്ളിയിൽ) പുനർനിർമ്മാണം നടത്തപ്പെട്ട കൊടിമരത്തിന്റെ കൂദാശ കോട്ടയം ഇടവകയുടെ അഭിവന്ദ്യ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. തുടർന്ന് അഭി. തിരുമനസ്സുകൊണ്ട് കൊടി ഉയർത്തുകയും ചെയ്തു. പള്ളി വികാരി വന്ദ്യദിവ്യശ്രീ ഇ. ടി. കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പ ഇട്ട്യേടത്ത്, ബഹു. വൈദീകർ, ട്രസ്റ്റിമാർ തുടങ്ങിയവർ സംബന്ധിച്ചു. കേരളത്തിലെ പ്രശസ്തമായ അനേക ദൈവാലയങ്ങളിൽ കൊടിമരം നിർമ്മിച്ച അനന്തൻ ആശാരിയാണ് കൊടിമരം നിർമ്മിച്ചത്. ഇതോടനുബന്ധിച്ച് കൊടിമരം നിർമ്മിച്ച ശിൽപ്പിയെ ആദരിക്കുകയും ഉപഹാരങ്ങൾ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നൽകുകയും ചെയ്തു. വിശുദ്ധ കുർബ്ബാനാനന്തരം അഭിവന്ദ്യ തിരുമേനിയെ വാദ്യമേളങ്ങളുടെ അകമ്പടിയോടെ ഭക്തജനങ്ങൾ കരോട്ടെ പള്ളിയിലേക്ക് സ്വീകരിച്ചു ആനയിച്ചു.

കാഞ്ചന കവചിത കൊടിമരത്തിന്റെ നിർമ്മാണം ജൂണിൽ ആണ് ആരംഭിച്ചത്.




# വി. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ

# സഹനത്തിൽ നിന്നുള്ള വിടുതൽ

ലോകരക്ഷകനായ യേശുക്രിസ്തുവിനെ ഉദരത്തിൽ വഹിക്കുവാൻ ഭാഗ്യം സിദ്ധിച്ച മഹാവിശുദ്ധയായ കന്യക മറിയാമിനെ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ എന്നാണ് കൗമയുടെ അവസാനം നാം പറയുന്നത്. പരിശുദ്ധാത്മ നിറവോടെ കന്യകമറിയാം പറയുന്നത് തന്റെ ദാസിയുടെ താഴ്മയെ കർത്താവ് നോക്കി കണ്ടിരിക്കുന്നുവെന്നാണ്. വിനയത്തിന്റെയും, ശ്രേഷ്ഠതയുടേയും, വിശുദ്ധിയുടെയും നൈർമല്യത്തിന്റെയും സഹനത്തിന്റെയും പ്രതീകമായാണ് വി. കന്യക മറിയാമിനെ ക്രൈസ്തവ ലോകം ദർശിക്കുന്നത്.

പ്രാർത്ഥിക്കുന്ന മറിയാമിനോട് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് "കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെ ഞങ്ങളുടെ കർത്താവ് നിന്നോട് കൂടെ".

ഇതുകേട്ട് ഭയചകിതയായി നിന്ന മറിയാമിനോട് "മറിയാമേ ഭയപ്പെടേണ്ട എന്തെന്നാൽ ദൈവസന്നിധിയിൽ നീ കൃപകണ്ടെത്തിയിരിക്കുന്നു. നീ ഗർഭവതിയായി ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന് പേര് വിളിക്കണം. അവൻ വലിയവൻ ആയിരിക്കും. അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവായ അവന് കൊടുക്കും. അവൻ യാക്കോബിന്റെ ഭവനത്തിൽ എന്നേക്കും വാഴ്ച നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല എന്നു പറഞ്ഞു."

ഗബ്രിയേൽ മാലാഖ മറിയാമിനോട് ഇതറിയിക്കുമ്പോൾ മറിയാം ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ എന്നു പറഞ്ഞു. അത്യത്ഭുതകരമായ കാര്യമാണ് കന്യക ഗർഭം ധരിക്കുന്നതും, വാർദ്ധക്യത്തിൽ ചാർച്ചക്കാരിയായ എലിസബത്ത് ഗർഭം ധരിക്കുന്നതും, ഗർഭിണി ആയ കന്യകയെ ചേർത്തുകൊള്ളുവാൻ കർത്താവിന്റെ ദൂതൻ യൗസേഫിന് ദർശനം നൽകുന്നു.

അത്യത്ഭുതകരമായ കാര്യം ജീവിതത്തിൽ സംഭവിച്ച മറിയം യേശുവിന്റെ ജനനം അടുത്തപ്പോൾ മുതൽ ത്യാഗങ്ങളുടെ പാതയിൽ മുന്നേറുകയാണ്. ലോകരക്ഷകനെ പ്രസവിക്കാൻ വളരെ ഭദ്രമെന്നോ, സുരക്ഷിതമെന്നോ നാം വിശേഷിപ്പിക്കുന്ന ഒരിടവും വി. മറിയാമിന് ലഭിച്ചില്ല. ജനസംഖ്യാകണക്ക് ബേത്‌ലഹേമിൽ എത്തിച്ചുകൊടുക്കുവാൻ വളരെ ദൂരം യാത്ര ചെയ്തെത്തിയ വി.മറിയാം അവസാനം ഒരു പുൽത്തൊട്ടിൽ യേശുവിന്റെ ജന്മഗേഹമായി തെരഞ്ഞെടുത്തു. ഐഹീകമായ സുഖസമൃദ്ധിയല്ല എന്റെ രാജ്യത്തിന്റെ ലക്ഷണമെന്ന് ജനനത്തിലും മരണത്തിലും ഘോഷിച്ച പുത്രൻ തമ്പുരാൻ തന്റെ ഉയിർപ്പുവഴി യഹൂദസമൂഹത്തേയും തന്നെ ക്രൂശിച്ചവരേയും ലജ്ജിതരാക്കിയപ്പോൾ പൈശാചിക സമൂഹം പിന്നെ മറിയാമിനെ അടുത്ത ലക്ഷ്യമായി തെരഞ്ഞെടുത്തുവെന്ന് പാരമ്പര്യം പറയുന്നു.

മറിയാം ഗർഭിണിയാണെന്നറിഞ്ഞ ആചാര്യന്മാർ മറിയാമിനെയും. യൗസേഫിനേയും ദൈവാലയത്തിൽ വരുത്തി വിസ്തരിച്ച് സത്യപരിശോധനയ്ക്കുള്ള വെള്ളംകുടിപ്പിച്ച് മലയിലേക്ക് കയറ്റിവിട്ടതും, യാതൊരു ഉപദ്രവവും ഏൽക്കാതെ അവർ സസുഖം ഇറങ്ങിവന്നതും, യഹൂദന്മാർ ഉപദ്രവിച്ചും, തുപ്പിയും, കല്ലെറിഞ്ഞും, മുൾക്കിരീടം ചാർത്തിയും, ചമ്മട്ടികൊണ്ടടിച്ചും തെരുവീഥിയിലൂടെ നടത്തിയ ശേഷം മൂന്നാം നാൾ എല്ലാവരേയും വിസ്മയിപ്പിച്ചുകൊണ്ട് വിജയശ്രീലാളിതനായി ഉത്ഥാനം ചെയ്ത യേശുവിനെ മൂന്നാം ദിവസം കാണുവാൻ കഴിഞ്ഞതും ചരിത്രം.

പരിശുദ്ധ മാതാവിന്റെ വാങ്ങിപ്പ് അതിമനോഹരമായി മാറിയത്. പരി. മാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിൽ പങ്കെടുക്കുന്നവർക്കും, ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നവർക്കും ഇതൊരു സഹന ജീവിതത്തിൽ നിന്നുള്ള വിടുതലായി അനുഭവപ്പെടുന്നതു കൊണ്ടാണ് ലോകത്ത് ധാരാളം പേർ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് കടന്നുവരുന്നത്. പ്രാർത്ഥനയിലും ധ്യാനത്തിലും കഴിയവെ വി. മാതാവിന്റെ ആരോഗ്യസ്ഥിതി തീർത്തും വഷളായി. വി. മാതാവ് മരിപ്പാൻ സമയമായിയെന്ന് പരിശുദ്ധാത്മാവ് മൂലം ഗ്രഹിച്ച ശ്ലീഹന്മാർ എല്ലാവരും എത്തി. വി. മാതാവിനെ ശുശ്രൂഷിക്കുന്നതിൽ വ്യാപൃതരായി.

പ്രാർത്ഥനയുടെ മധ്യത്തിൽ മാതാവിന്റെ വാങ്ങിപ്പ് സംഭവിച്ചു.

# പാതിയപ്പള്ളിൽ അച്ചൻ

## പൗരോഹിത്യ പ്ലാറ്റിനം ജൂബിലി നിറവിൽ

### സാബു മൈലക്കാട്ട്



ബഹു. പാതിയപ്പള്ളിൽ അച്ചൻ തന്റെ ജീവിതത്തിൽ 90 സംവത്സരങ്ങൾ പിന്നിട്ട് പൗരോഹിത്യ ജീവിതത്തിൽ 75 വർഷങ്ങൾ പൂർത്തീകരിച്ച് പ്ലാറ്റിനം ജൂബിലി വർഷത്തിൽ പ്രവേശിക്കുന്നു.

1919 മാർച്ച് മാസം 25-ാം തീയതി പുരാതനമായ എണ്ണശ്ശേരി കുടുംബത്തിൽ, പാതിയപ്പള്ളി ശാഖയിലെ 6-ാം തലമുറക്കാരനായ അന്ത്രയോസിന്റെയും, സഹധർമ്മിണി കൊച്ചുപാറാട്ട് അന്നയുടേയും എട്ട് മക്കളിൽ മൂത്തവനായ കുര്യാക്കോസ് പിറന്നു. പിതൃഹിതം നിറവേറ്റുന്നതിനായി വൈദീകവൃത്തിക്ക് നിയോഗിതനായി. വാകത്താനം സർക്കാർ എൽ.പി. സ്കൂൾ, വെള്ളൂത്തുരുത്തി സ്കൂൾ എന്നിവിടങ്ങളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിച്ച് വാകത്താനം ഗവ.സ്കൂളിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസവും, പുതുപ്പള്ളി ഗവ. സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തീകരിച്ചു.

ഭൗതിക വിദ്യാഭ്യാസശേഷം തൃക്കോതമംഗലം മോർശർബിൽ ദയറായിൽ വൈദീകപഠനം ആരംഭിച്ച സമര്യപുരുഷൻ 15-ാം വയസ്സിൽ മീഖായേൽ മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും ശെമ്മാശ് പട്ടം സ്വീകരിച്ചു. 25-ാം വയസ്സിൽ പി. റ്റി. ഉണിച്ചി എന്ന അമ്മിണിയുമായുള്ള വിവാഹം വേങ്കടത്ത് കുര്യാക്കോസ് അച്ചന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 1945 ഡിസംബർ 2-ന് 26-ാം വയസ്സിൽ മറ്റ് നാല് ശെമ്മാശന്മാരോടൊപ്പം പാതിയപ്പള്ളി കുര്യാക്കോസ് ശെമ്മാശൻ കശ്ശീശ്ശാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

മലങ്കര സഭാസമാധാനത്തിനായി 1954, 55 കാലങ്ങളിൽ ആരംഭിച്ച പീസ് ലീഗ് പ്രവർത്തനങ്ങൾക്ക് മുൻനിരയിൽനിന്ന് അച്ചനും പ്രവർത്തിച്ചു. ബഹു.അച്ചൻ വാകത്താനം സെന്റ് ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ വൈദീകൃവൃത്തിയിൽ സേവനം അനുഷ്ഠിക്കുന്നു.

# കെസറാനിൽ സുറിയാനി സഭയ്ക്ക് പുതിയ ദേവാലയം

മൗണ്ട് ലെബനോൻ: അന്ത്യോഖ്യൻ സുറിയാനി സഭയുടെ പൂർവ്വകാല കേന്ദ്രമായ മൗണ്ട് ലെബനോനിലെ കെസറാനിൽ മോർ ഗബ്രിയേലിന്റെ നാമത്തിൽ സുറിയാനി സഭ സ്ഥാപിച്ച ദേവാലയത്തിന്റെ കൂദാശ ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് 2010 ആഗസ്റ്റ് 8-ന് നിർവ്വഹിച്ചു.

ആകമാന സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ മോർ തെയോഫിലോസ് ജോർജ് സ്ലീബാ, സിറിയയിലെയും ലെബനോനിലെയും മെത്രാപ്പോലീത്തന്മാരും കൂദാശയിൽ സന്നിഹിതരായിരുന്നു. ബൈറൂട്ടിൽനിന്ന് 30 കി. മീ വടക്കുമാറി അജൗൽ ടൗൺ എന്ന നഗരത്തിലാണ് ദൈവാലയം സ്ഥിതി ചെയ്യുന്നത്. ഭൂമിക്ക് അടിയിൽ മൂന്ന് നിലകൾ ഉൾപ്പെടെ 8 നിലകളിലാണ് ഇതിന്റെ നിർമ്മാണം.

28,000 ചതുരശ്ര അടി കോമ്പൗണ്ടിലാണ് ദേവാലയം സ്ഥിതി ചെയ്യുന്നത്. ഇതോടനുബന്ധിച്ച് ഗവേഷണ, പഠന കേന്ദ്രങ്ങൾ, ചർച്ചാക്ലാസ്സുകൾ നടത്തുവാനുള്ള മുറികൾ, ശാരീരിക വൈകല്യമുള്ള ആളുകളെ പാർപ്പിക്കുവാനുള്ള അനാഥ മന്ദിരം എന്നിവ സ്ഥിതി ചെയ്യുന്നു.

# നീലഗിരിയിൽ പുതിയ ദേവാലയം

ഗൂഡല്ലൂർ: യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനയ്ക്കായി പരി. പത്രോസ് ശ്ലീഹായുടെ നാമത്തിൽ ഗൂഡല്ലൂരിൽ പുതിയ ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആഗസ്റ്റ് 26-നു മലബാർ ഭദ്രാസനത്തിന്റെ അഭി. സഖറിയാസ് മോർ ഫീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ശിലാസ്ഥാപനം നിർവ്വഹിച്ചു. വെരി. റവ. ആൻഡ്രൂസ് കോർഎപ്പിസ്കോപ്പാ, റവ. ഫാ. ജെയിംസ് വെൺമേലിൽ, റവ. ഫാ. ബാബു നേറ്റിൻകര, ഫാ. ജോർജ് മനയത്ത്, ഫാ. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ, ഫാ. ജേക്കബ്, ഫാ. പി. സി. പൗലോസ്, ഫാ. ജോർജ് വർഗീസ്, ഫാ. ഗീവർഗീസ്, ഫാ. ഷിബു കുറ്റിപറിച്ചേൽ, ഫാ. ബേസിൽ, നൂറുകണക്കിന് വിശ്വാസികളും ചടങ്ങിൽ സംബന്ധിച്ചു. ശ്രീ. എൽദോ ചെമ്പോല എന്ന മാന്യവ്യക്തി ദാനം ചെയ്ത സ്ഥലത്താണ് ദൈവാലയം സ്ഥാപിതമാകുന്നത്.

# പരിശുദ്ധ വലിയ തിരുമേനിയുടെ

## മെത്രാഭിഷേക ശതാബ്ദി ആഘോഷം സമാപിച്ചു

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ മലങ്കരയിലെ കാവൽഭടനായി നിലനിന്ന് മലങ്കര മക്കളെ സത്യവിശ്വാസത്തിൽ നിലനിർത്തിയ പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് തിരുമനസ്സിന്റെ മെത്രാഭിഷേക ശതാബ്ദി ആഘോഷ സമാപനം, ആഗസ്റ്റ് 8-ന് ആലുവായിൽ വച്ച് നടത്തി. 1910-ൽ പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദുള്ള പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് അങ്കമാലി ഭദ്രാസനത്തിനുവേണ്ടി മെത്രാപ്പോലീത്തയായി വാഴിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്തന്മാർ, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, എം. എൽ. പി മാർ, എം. പി. മാർ, വിവിധ രാഷ്ട്രീയ സാമൂഹ്യ നേതാക്കന്മാർ എന്നിവർ പങ്കെടുത്തു. ആലുവാ ടൗൺഹാളിൽവച്ച് നടത്തിയ സമ്മേളനത്തിൽ മലങ്കരയുടെ നാനാഭാഗങ്ങളിൽനിന്നുള്ള വിശ്വാസികൾ പങ്കെടുത്തു.

# അഗതിമന്ദിരം സന്ദർശിച്ചു

മാങ്ങാനം: മുണ്ടകപാടം അഗതി മന്ദിരം യൂത്ത് അസോസിയേഷൻ പ്രവർത്തകർ 2010 ആഗസ്റ്റ് 26-ന് സന്ദർശിച്ചു. സെക്രട്ടറി അനൂപ് മാത്യു പീടിയേക്കലിന്റെ നേതൃത്വത്തിൽ പ്രവർത്തകർ വാർദ്ധ്യകത്തിലും രോഗത്തിലും കഴിയുന്ന ആളുകളെ സന്ദർശിക്കുകയും ഉച്ചഭക്ഷണം നൽകുകയും ചെയ്തു. ഇതിനുമുമ്പും യൂത്ത് അസോസിയേഷൻ പ്രവർത്തകർ അഗതി മന്ദിരം സന്ദർശിച്ചിട്ടുണ്ട്.

# കപട ആത്മീയതയും പുതിയ ആൾ ദൈവങ്ങളും

**പുന്നൻ കുര്യൻ ചെല്ലിമറ്റം**
**(യൂത്ത് അസോസിയേഷൻ മുൻ സെക്രട്ടറി-1968)**

*കഴിഞ്ഞലക്കം തുടർച്ച*

ആദിമ നൂറ്റാണ്ടിലെ ഏക സഭയിൽനിന്നും പലപ്പോഴായി പിരിഞ്ഞുപോയി, മനുഷ്യ നിർമ്മിതങ്ങളായ ആയിരക്കണക്കിന് സഭകളാണ് ഇന്നു ലോകത്തു ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിൽ മഹാഭൂരിപക്ഷവും വ്യക്തിസഭകളാണ്. ഇതിന്റെ പ്രധാന കാരണം വി. വേദപുസ്തകത്തിന്റെ വ്യാഖ്യാനം പരിശുദ്ധാത്മവ്യാപാരം ഇല്ലാതെ മനുഷ്യൻ സ്വന്തമായിട്ടു വ്യാഖ്യാനിയ്ക്കുന്നതിന്റെ ഫലമായിട്ടാണ് വി. വേദപുസ്തകത്തിന്റെ വ്യാഖ്യാനം നടത്തുവാൻ കർത്താവ് ആരേയും ചുമതലപ്പെടുത്തിയിട്ടില്ല. വി. വേദപുസ്തകം ആര്, ആർക്കുവേണ്ടി നൽകിയോ അവരാണ് അതു വ്യാഖ്യാനിക്കേണ്ടത്. അതുസഭയാണ് ചെയ്യേണ്ടത്. വി. വേദപുസ്തകം പരിശുദ്ധാത്മശക്തിയാൽ സഭ ക്രോഡീകരിച്ച സഭയുടെ സന്താനങ്ങൾക്കുവേണ്ടി പരിശുദ്ധാത്മ നിയോഗപ്രകാരം സഭ നൽകിയതാണ്. അതിനാൽ അതു വ്യാഖ്യാനിക്കേണ്ടതും സഭയാണ്. ഏകദേശം നാല്പതോളം ആളുകൾ പരിശുദ്ധാത്മ പ്രേരിതമായി പല സ്ഥലങ്ങളിലായിരുന്നു എഴുതി, എഴുതുന്നവർ ആരെന്ന് അന്യോന്യം മനസ്സിലാക്കാതെ പൂർത്തീകരിച്ചു. ആദിമസഭയിലെ പിൻഗാമികൾ പല സ്ഥലങ്ങളിൽനിന്നും ദൈവീകപ്രചോദനത്താൽ ഈ എഴുതിയ ലേഖനങ്ങളിൽ പലതും കണ്ടെടുത്തു സഭയ്ക്കു നൽകി. സഭ അതു പരിശുദ്ധാത്മാവിനാൽ പരിശോധിച്ചു തള്ളേണ്ടത് തള്ളിയും കൊള്ളേണ്ടതു കൈക്കൊണ്ടും വി. വേദപുസ്തകം ക്രോഡീകരിച്ചെടുത്തു. അപ്രകാരം സഭ നൽകിയ ബൈബിൾ വ്യാഖ്യാനിക്കാനുള്ള അധികാരവും സഭയ്ക്കാണ്. വ്യക്തികൾക്ക് അല്ല. എന്നാൽ ഇന്നുള്ളവർ വിദ്യാഭ്യാസം ഉള്ളവരും, ഇല്ലാത്തവരും, പരിശുദ്ധാത്മാവ് പറഞ്ഞിട്ടാണ് എന്നുള്ള വ്യാജേന വി. വേദപുസ്തകം വ്യാഖ്യാനിക്കുന്നു. ഫലമോ? നൂറ്നൂറു സഭകൾ പൊട്ടിമുളയ്ക്കുന്നു. വി.വേദപുസ്തക വ്യാഖ്യാനത്തിന് അത്യന്താപേക്ഷിതമായ പല കാര്യങ്ങളും ഇവർ വിട്ടുകളയുന്നു. എഴുതിയകാലം, സ്ഥലം, പശ്ചാത്തലം, ഉദ്ദേശം, പ്രത്യേക സാഹചര്യം, മുതലായ വിഷയത്തിലേക്ക് സത്യസന്ധതയോടും നിരൂപണ ദൃഷ്ടിയോടും വീക്ഷിക്കുവാൻ ഇവർ മടിക്കുന്നു. തന്മൂലം വി. വേദപുസ്തകത്തിന്റെ ശരിയായ അർത്ഥമോ, മഹിമയോ, മനസ്സിലാക്കുവാൻ ഇവർക്കു കഴിയാതെ പോകുന്നു. വി. സഭയുടെ പാരമ്പര്യവും വേദപുസ്തകവും തമ്മിൽ പരസ്പരം ബന്ധിതമാണെന്ന് ഇവർ മനസ്സിലാക്കിയിട്ടില്ല. വാശിയും കടുംപിടുത്തവും, ബൈബിളിന്റെ കാര്യത്തിൽ ഇവർ കാണിക്കുന്നു. ബൈബിളിന്റെ ഏറ്റവും വലിയ പൊരുൾ ആയ ദൈവസ്നേഹത്തിന്റെ ആത്മാവിൽ കാര്യങ്ങൾ മനസ്സിലാക്കാനുള്ള സഹിഷ്ണുതയും, മനസ്സും ഈ കൂട്ടർ കാണിക്കുകയില്ല. ഇവർ മുദ്രയിടപ്പെട്ടവർ എന്ന ആത്മീയ അഹന്തയ്ക്കും, മറ്റുള്ളവർ ജാതികൾ എന്നുള്ള പുച്ഛവും ഇവരെ ഭരിക്കുന്നു.

സ്വയം നീതീകരണവും പരീശമനസ്സും ആണ് ഇവർക്കുള്ളത്. ഒന്നാം പുനരുത്ഥാനത്തിൽ തങ്ങൾക്ക് മാത്രമേ പങ്കുള്ളൂ എന്നു വാദിക്കുന്നവരും മുദ്രയിടപ്പെട്ടവർ തങ്ങൾ മാത്രമാകയാൽ മണിയറയിൽപ്രവേശിക്കുന്നത് തങ്ങൾ മാത്രം എന്നു ചിന്തിക്കുന്നവരും, രക്ഷിക്കപ്പെട്ടവർ തങ്ങളാണ് എന്നു അവകാശപ്പെടുന്നവരും, ഈ ലോകമല്ല, അങ്ങേ ലോകമാണ് വേണ്ടതെന്ന് പറഞ്ഞു മറ്റു ലോകസമൂഹവുമായി ബന്ധപ്പെടാതെ കഴിയുന്ന പരീശ മനസ്സുള്ളവർ ഒരു കാര്യം മറന്നുപോയി. ദൈവം സ്നേഹമാണ് എന്ന കർത്തൃവചനം. കേരളത്തിൽ ആദ്യകാല പെന്തക്കോസ്തു സഭകൾ ഉണ്ടായപ്പോൾ അതിൽപ്പെട്ട ചിലർ വെളിപാട് പുസ്തകത്തെ വ്യാഖ്യാനിച്ചുകൊണ്ടു നടന്നിരുന്നു. ലോകാവസാനം ഉടൻ വരുന്നു എല്ലാവരും മാനസാന്തരപ്പെടുവീൻ യുദ്ധങ്ങൾ വരുന്നു, ഭൂകമ്പം വരുന്നു ക്ഷാമവും ദുരിതവും ഒക്കെ ഉണ്ടാകുന്നു എന്നൊക്കെ പറഞ്ഞിരുന്നു. ഒന്നാം ലോകമഹായുദ്ധവും, രണ്ടാം ലോക മഹായുദ്ധവും നടക്കുമ്പോൾ ഹിറ്റ്ലറും, മുസ്സോളിനിയും ഒക്കെ അന്തിക്രിസ്തുക്കളായും ലോകമഹായുദ്ധങ്ങൾ ഹർമ്മഗെദ്ദോൻ യുദ്ധമാണെന്നും ഗോഗ്-മാഗോഗ് റഷ്യയും സഖ്യകക്ഷികളുമാണെന്നും കത്തോലിക്കാ സഭ മഹതിയാം ബാബിലോൺ ആണെന്നും മറ്റും പറഞ്ഞു വെളിപാട് പുസ്തകത്തിലെ സംഭവങ്ങളെ ആസ്പദമാക്കി പറഞ്ഞു നടന്നിരുന്നു. ഇപ്രകാരമുള്ള വ്യാഖ്യാനങ്ങൾ പിന്നീട് നിന്നുപോയി. ഈ സംഭവങ്ങൾ ഒക്കെയും ഇന്നും ജീവിച്ചിരിയ്ക്കുന്ന പ്രായം ചെന്ന പിതാക്കന്മാർക്ക് ഒക്കെ അറിയാം. ഇന്നു പെന്തക്കോസ്തു സഭകൾക്ക് പകരം അവരുടെ പിൻഗാമികൾ സാത്താന്റെ മറ്റൊരു അടവുമായി ഇറങ്ങിയിരിക്കുകയാണ്. പുതിയ വ്യക്തി സഭകളും, പുതിയ ആൾദൈവങ്ങളും. ഇവർ ബൈബിളിനെ വ്യാഖ്യാനിച്ചു, പുതിയ ചില ഉപദേശങ്ങളുമായി രംഗത്തെത്തിയിരിക്കുന്നു. ആദിമ വേർപാടുകാർക്ക് പരലോക പ്രാപ്തിയാണ് വേണ്ടിയിരുന്നതെങ്കിൽ ഇന്നത്തെ വേർപാടുകാർക്ക് പണസമ്പാദനത്തിനുള്ള നല്ല മാർഗ്ഗം ആണ്. യുവാക്കളെ ആകർഷിച്ചു തങ്ങളുടെ കൂടെ കൂട്ടി വി. വേദപുസ്തകത്തിന് പുതിയ ഒരു വ്യാഖ്യാനം നൽകി, പുതിയ ഒരു സുവിശേഷത്തിലൂടെ ജനങ്ങളെ തങ്ങളുടെ കൂടെ കൂട്ടുക. അതു യേശുവിന്റെ ഐശ്വര്യത്തിന്റെ സുവിശേഷം എന്നാണ്. 'നിങ്ങൾ എന്നിൽ ആയാൽ നിങ്ങൾക്ക് എല്ലാം ഉണ്ടാകും' എന്ന ബൈബിൾ വാക്യത്തെ ആസ്പദമാക്കിയുള്ള സുവിശേഷം. സമ്പത്തും സുഖസമൃദ്ധിയും, കഷ്ടപ്പാടില്ലാത്ത ജീവിതവും, രോഗങ്ങളോ, ബന്ധനങ്ങളോ ഇല്ലാത്ത മനസ്സും ശരീരവും എന്നു വേണ്ട ആരോഗ്യ ദൃഢഗാത്ര സമ്പൽസമൃദ്ധമായ ജീവിതം. ഒന്നു ചെയ്താൽ മതി നിങ്ങൾ യേശുവിൽ ആയി എന്നു പറഞ്ഞാൽ മാത്രം (ജീവിക്കണമെന്ന് നിർബന്ധമില്ല). ഇവർക്ക് എല്ലാം വാക്കാൽ പറയുന്നത് മാത്രം മതിയല്ലോ. പ്രവർത്തി വേണ്ടല്ലോ? പ്രിയ സഹോദരാ നിന്റെ ആത്മരക്ഷയ്ക്കു വേണ്ടിയാണ് ക്രിസ്തു പീഢാസഹനം ഏറ്റത്. അല്ലാതെ നിനക്ക് സുഖസമൃദ്ധമായ ജീവിതം നൽകാനല്ല. അതു ഈ ലോകത്തിന്റെ മാത്രം ലക്ഷ്യമാണ്.

അമേരിക്കൻ സ്വാതന്ത്ര്യത്തിന്റേയും സംസ്കാരത്തിന്റേയും ഫലമായി മതത്തിന്റെ മൂല്യങ്ങൾക്ക് അവിടെ സ്ഥാനം ഇല്ലാതായി. അവിടെ അധികം ചിലവാകാത്ത ചില തത്വസംഹിതകളുമായി അവിടെ കഴിയുന്ന ഒരു സായ്പുണ്ട്. കാൾ മക്കന്റിയർ എന്ന അന്തിക്രിസ്തു. കേരള സംസ്ഥാനത്തിന്റെ മൊത്തം സ്വത്തിന്റെ ഇരട്ടിയിലധികം ആസ്തിയുള്ള ഒരു കോടീശ്വരൻ. അദ്ദേഹത്തിന്റെ വിഘടിത സുവിശേഷം ലോകത്തിന്റെ പല ഭാഗങ്ങളിലും എത്തിച്ചു. എല്ലാ സഭകളിലും ഭിന്നത ഉണ്ടാക്കി കുറെപേരെ കൈവയ്പ് കൊടുത്തുവിട്ടു വ്യക്തി സഭകൾ. ഉണ്ടാക്കുന്ന സാത്താന്റെ ഒരു ഏജന്റ്. കേരളത്തിൽ അതു അദ്ദേഹം ഫലപ്രദമായി നിർവ്വഹിച്ചു. നേരത്തെ പിരിഞ്ഞുപോയ പെന്തക്കോസ്തു സഭകളിൽനിന്നും മാർത്തോമ്മാ, ആംഗ്ലീക്കൻ സഭകളിൽനിന്നു പോലും ഭിന്നത ഉണ്ടാക്കി എത്രയോ വ്യക്തി സഭകളെയും, ഇവാൻജലിക്കൽ സഭകളെയും ആൾ ദൈവങ്ങളേയും സൃഷ്ടിച്ചു ലോകക്രൈസ്തവസഭകളുടെ എല്ലാം വിഘടിത നേതാവായി. ദൈവമായി വിരാജിക്കുന്നു സാക്ഷാൽ കാൾ മക്കന്റീയർ എന്ന ബിഷപ്പ്. കേരളത്തിൽ വളക്കൂറു കണ്ട വ്യക്തി സഭകളുടെ ആൾ ദൈവങ്ങൾ അമേരിക്കയിൽപ്പോയി മക്കന്റീയർ സായ്പിനെ കണ്ടു വണങ്ങി ഡോളർ കെട്ടുകളുമായി തിരികെയെത്തി സ്വന്തം നില ഭദ്രമാക്കിയശേഷം സുവിശേഷ ഘോഷണത്തിനിറങ്ങുന്നു. സ്വന്തം പ്രശസ്തിയും ജീവ സന്ധാരണത്തിന് ഒരു വഴിയുമാണ് ഇവരുടെ ലക്ഷ്യം. മക്കന്റീയറിനെപ്പോലെ പല കോടീശ്വര സായ്പന്മാരും ഇവരെ സഹായിക്കുന്നു. ഇവരെ കൂടാതെ വേറെയും ചില ആൾ ദൈവങ്ങളുണ്ട്. സ്വന്തമായി ദർശനം കിട്ടി സുവിശേഷ വേലയ്ക്കും അത്ഭുത രോഗശാന്തിയ്ക്കും ഇറങ്ങുന്നവർ ഇവരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ഒന്നും ആവശ്യമില്ല. കുറെ വാക്ചാതുരിമാത്രം മതി. ബൈബിളിലെ കുറെ അദ്ധ്യായങ്ങളിൽ നിന്നും കുറെ വാക്യങ്ങൾ കാണാതെ പഠിച്ചു അവയെ തിരിച്ചും മറിച്ചും വ്യാഖ്യാനിച്ചു പ്രസംഗിക്കുക. അതിനും കുറെ ആൾക്കാരെ കിട്ടും ശ്രോതാക്കളായ്. വേർപാട് കൂട്ടരെ സംബന്ധിച്ചിടത്തോളം വേറെ ചില പ്രത്യേകതകൾ കൂടിയുണ്ട്. ഇവരൊക്കെ സുവിസേഷം പ്രസംഗിക്കനും മറ്റും, അമേരിക്ക, യൂറോപ്പിലെ ചില സമ്പന്ന രാജ്യങ്ങൾ ഇപ്പോൾ ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ പോകുകയുള്ളൂ. അവിടെ നിന്നും ഇവിടെ വന്നു സുവിശേഷം അറിയിച്ചവരുടെ ഇടയിലേയ്ക്ക് ഇപ്പോൾ ഇവിടെ നിന്നും അങ്ങോട്ടു പോയി സുവിശേഷം അറിയിക്കണം. അതാണ് ഇപ്പോഴത്തെ സ്ഥിതി. അപ്പോൾ സുവിശേഷമല്ലല്ലോ ഈ കൂട്ടർക്ക് പ്രധാനം. ഡോളറും യൂറോയും ഒക്കെ അല്ലെ.

അമേരിക്കൻ ഭൂഖണ്ഡത്തിൽ പല രാജ്യങ്ങൾ ഉണ്ട്. ചിലി, അർജന്റീന, ബ്രസ്സീല്, ഉറുഗ്വേ, ക്യൂബ തുടങ്ങിയ സമ്പന്നമല്ലാത്ത രാജ്യങ്ങൾ അവിടേയ്ക്ക് ഇവിടെ നിന്നും ആരും പോകുന്നില്ല. കരീബിയൻ ദ്വീപ് സമൂഹങ്ങൾ ആർട്ടിക്-അന്റാർട്ടിക്ക പ്രദേശങ്ങൾ, പൂർവേഷ്യൻ രാജ്യങ്ങൾ, ടിബറ്റും-ബർമ്മ ഇൻഡോനേഷ്യാ മുതലായ സ്ഥലങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ, കമ്മ്യൂണിസ്റ്റ് ഫെഡറൽ രാജ്യങ്ങൾ ആയിരുന്ന റഷ്യ-പോളണ്ട്, ഹംഗറി, യൂഗോസ്ലാവ്യ തുടങ്ങി കമ്മ്യൂണിസം തകർന്നപ്പോൾ ചിതറിപ്പോയി സ്വതന്ത്ര രാഷ്ട്രങ്ങളായി തീർന്ന രാജ്യങ്ങളിലോ ഈ കുട്ടി ദൈവങ്ങൾ പോകുകയില്ല, ദൈവരാജ്യം പ്രസംഗിക്കുവാൻ. അവിടെ ഒക്കെപ്പോയാൽ അമേരിക്കയിലും കാനഡായിലും ബ്രിട്ടനിലും ഒക്കെ കിട്ടുന്നപോലെ ഡോളർ കിട്ടുകയില്ല. ചില രാജ്യങ്ങളിൽ പോയാൽ പോക്കറ്റിൽ കിടക്കുന്ന പൈസപോലും പോകും. സ്വന്തം വീടും നാടും, ജീവനും യേശുവിനായ് വിട്ടു കൊടുത്തു അവിടുത്തെ സ്നേഹസുവിശേഷം ലോകമെങ്ങും പോയി പ്രസംഗിച്ചു, കാട്ടുജാതിക്കാർക്കും കാട്ടുമൃഗങ്ങൾക്കും ഇരയായി ജീവിതം ഹോമിച്ചു യേശുവിനായ് സമർപ്പിച്ച, സമർപ്പിതർക്കു രക്ഷ ഇല്ല. അനേകായിരം നിണ സാക്ഷികളെ ദൈവത്തിന് വിട്ടുകൊടുത്ത പുരാതന എപ്പിസ്കോപ്പൽ സഭകൾ, ദൈവസഭയല്ല. അവിടെ രക്ഷ ഇല്ല. യേശുവിന് വേണ്ടി വിഷം പുട്ടിയ അമ്പുകളുടെ കൂർത്ത മുനകൾ ദേഹത്തു കൊണ്ടു പുളഞ്ഞു മരിച്ച വിശുദ്ധർക്കു രക്ഷ ഇല്ല. ആധുനീക കാലത്തു നിരീശ്വരവാദത്തിന്റെ നിറതോക്കിന് മുൻപിൽ യേശുവിനെ തള്ളിപ്പറയാത്ത യേശുവിന്റെ യഥാർത്ഥവൃതന്മാർക്ക് മണിയറയിൽ പ്രവേശനം ഇല്ല. എന്നാൽ വികലമായ വ്യാഖ്യാനങ്ങളുമായി വി. വേദപുസ്തകം കക്ഷത്തിൽ വെച്ചു വീടു വീടാന്തരം കയറിയിറങ്ങി വി. സഭയിൽ ഭിന്നത സൃഷ്ടിക്കുന്നവർ വാനമേഘത്തിൽ പറന്നുപോകും. ഇതാണോ ക്രിസ്തു പഠിപ്പിച്ച ദൈവശാസ്ത്രം.

മനുഷ്യരുടെ ശരീരാത്മദേഹികളെ മുഴുവനായും രക്ഷിക്കുന്ന ചുമതല സഭയ്ക്കു കൊടുത്തു കൊണ്ട്, പ്രസംഗിപ്പീൻ, പഠിപ്പിക്കുവീൻ, സൗഖ്യമാക്കുവീൻ എന്നിങ്ങനെ രക്ഷകന്റെ അന്ത്യകൽപ്പന സ്വീകരിച്ച പുരാതന സഭയ്ക്കു മാത്രമേ, രക്തസാക്ഷികളെയും, വിശുദ്ധന്മാരേയും ഒക്കെ സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. അതുപോലെ അന്യോന്യം സ്നേഹിപ്പീൻ എന്നുള്ള വിശ്വപ്രസിദ്ധമായ വചനങ്ങൾ പ്രവർത്തികളിലൂടെ കാണിക്കുവാൻ എപ്പിസ്കോപ്പൽ സഭയ്ക്കു മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് മെഡിക്കൽ മിഷനുകൾ, ആതുരാലയങ്ങൾ, വിദ്യാലയങ്ങൾ, റിലീഫ് പ്രവർത്തനങ്ങൾ തുടങ്ങിയവ സഭകൾ നടത്തുന്നത്. അതേ സമയം പ്രസംഗവും അത്ഭുതരോഗശാന്തിയും, ക്രിസ്ത്യാനിയെ വീണ്ടും ക്രിസ്ത്യാനിയാക്കുന്നു മാജിക്കുകളും കൊണ്ട് വേർപാടുകൾ തൃപ്തിപ്പെടുത്തുന്നു. അത്ഭുതരോഗശാന്തിയുടെ പേരിൽ നടത്തുന്ന തട്ടിപ്പുകളും അസത്യവും നിർബന്ധിതവുമായ സാക്ഷ്യപ്രസ്താവനകളും, ധാർമ്മീക മൂല്യങ്ങൾക്ക് വില കല്പിക്കാത്ത പ്രവർത്തനങ്ങളും ഈ കൂട്ടരെ തികച്ചും വേർപാടുകാർ ആക്കിമാറ്റുന്നു.

ഈ കാലഘട്ടം അവസാന നാളുകൾ അടുക്കുന്നതിന്റെ ആരംഭമാണ്. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേരെടുത്തു വന്നു പലരെയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചുകേൾക്കും. ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചു കൊൾവീൻ. അതു സംഭവിക്കേണ്ടത് തന്നെ, എന്നാൽ അതു അവസാനമില്ല. ജാതി, ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കും. ക്ഷാമവും ഭൂക

*(ശേഷം പേജ് 6-ൽ)*

## ദുഖ്റോനോ



റവ. ഫാ. മാത്യൂസ് വടക്കേപ്പറമ്പിൽ
ആഗസ്റ്റ് 1

## ഒന്നാം ചരമവാർഷികം

31.08.2010



**നിബു**
പുതുപ്പറമ്പിൽ
മണർകാട്




കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ തിരുവല്ലായിൽ വെച്ച് നടന്ന സപ്തതി സമ്മേളനത്തിൽ യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് സംസാരിക്കുന്നു.




ആലുവായിലെ വലിയ തിരുമേനിയുടെ മേത്രാഭിഷേക ശതാബ്ദി സമാപന സമ്മേളനത്തിന്റെ ദൃശ്യം



മൗണ്ട് ലെബനോനിലെ മാർ ഗബ്രിയേലിന്റെ നാമത്തിലുള്ള ദേവാലയത്തിന്റെ കൂദാശ മദ്ധ്യേ പരി. പാത്രിയർക്കീസ് ബാവാ



ഗൂഡല്ലൂരിലെ സെന്റ് പീറ്റേഴ്സ് ദേവാലയത്തിന് മലബാർ ഭദ്രാസനത്തിന്റെ അഭി. സഖറിയാസ് മോർ ഫീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ശിലാസ്ഥാപനം നിർവ്വഹിക്കുന്നു. വെരി. റവ. ആൻഡ്രൂസ് കോർ എപ്പിസ്കോപ്പാ, റവ. ഫാ. ജെയിംസ് വെൺമേലിൽ, റവ. ഫാ. ബാബു നേറ്റിൻകര, ഫാ. ജോർജ് മനയത്ത്, ഫാ. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ, ഫാ. ജേക്കബ്, ഫാ. പി. സി. പൗലോസ്, ഫാ. ജോർജ് വർഗീസ്, ഫാ. ഗീവർഗീസ്, ഫാ. ഷിബു കുറ്റിപറിച്ചേൽ, ഫാ. ബേസിൽ എന്നിവർ സമീപം.



മൗണ്ട് ലെബനോനിലെ വിശുദ്ധ ദേവാലയം



അഗതികളും അശരണരുമായ മനുഷ്യരിൽ യേശുക്രിസ്തുവിനെ ദർശിക്കുകയും കാൽവറിയിൽ വെളിപ്പെട്ട ദൈവസ്നേഹം ലോകത്തിന് കാട്ടിക്കൊടുക്കുകയും ചെയ്ത അഗതികളുടെ അമ്മയായ മദർതേരസായുടെ ജന്മശതാബ്ദി വർഷത്തിൽ ദീപ്തമായ സ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ

# ജന്മദിനാശംസകൾ



മോർ അത്താനാസിയോസ്
ഏലിയാ ബാഹി
ആഗസ്റ്റ് 28



മോർ ദിവന്നാസിയോസ്
ബഹനാൻ
ആഗസ്റ്റ് 22



മോർ പീലക്സിനോസ്
യൂസഫ് സെറ്റിൻ
ആഗസ്റ്റ് 20



മോർ ഗ്രീഗോറിയോസ്
യൂഹാനോൻ ഇബ്രാഹിം
ആഗസ്റ്റ് 18



മോർ പീലക്സിനോസ്
മത്താ ശെമവൂൻ
ആഗസ്റ്റ് 25

## ഉപകാരസ്മരണ



*വി. ദൈവമാതാവേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ*

*ഒരു വിശ്വാസി
മാണിക്കുന്നം (കോട്ടയം)*

## ജന്മദിനാശംസകൾ



*ആഗസ്റ്റ് 24-ന് ജന്മദിനമാഘോഷിച്ച യൂത്ത് അസോസിയേഷൻ പ്രസിഡന്റ് അഭി. പൗലൂസ് മോർ ഐറേനിയസ് തിരുമേനിക്ക് യൂത്ത് അസോസിയേഷന്റെയും, കോലോസുറിയോയോയുടെയും ആശംസകൾ*

## സിസ്റ്റർ ഹാത്തൂണയ്ക്ക് ജർമൻ ദേശീയ ബഹുമതി



ബർലിൻ: സുറിയാനി സഭാംഗമായ സിസ്റ്റർ ഹാത്തൂണായ്ക്ക് സാമൂഹിക പ്രവർത്തനങ്ങളുടെ അംഗീകാരമായി ജർമ്മൻ ദേശീയ ബഹുമതിയായ ഫെഡറൽ ക്രോസ് ഓഫ് മെറിറ്റ് അവാർഡ് ആഗസ്റ്റ് 25-ന് ജർമൻ പ്രസിഡന്റ് ക്രിസ്റ്റ്യൻ വുൾഫ് നൽകി. ഇറാഖ് യുദ്ധത്തെ തുടർന്ന് അഭയാർത്ഥികളുടെ ക്ഷേമത്തിനും ഇന്ത്യയിലെ വനിതകളുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ, നേപ്പാളിലെ കുഷ്ഠരോഗികൾക്കിടയിലെ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് പുരസ്കാരത്തിന് അർഹയാക്കിയത്.

## I st Birthday Wishes



**EVELYN MARIAM RONY (EVA)**

**DOB: 31.08.2009**

**D/o. RONY MATHEW & LITHA RONY**
**Vandanath, Manarcad**

***Best Compliments from:***

***Renju Mathew & Liju Mon***

## യൂത്ത് അസോസിയേഷൻ ഭദ്രാസന യുവജനസംഗമം



*യാക്കോബായ സുറിയാനി സഭ കോട്ടയം ഭദ്രാസന യുവജനസംഗമം നീലിമംഗലം സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ക്നാനായ ഇടവകയുടെ സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുര്യാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. അഭിവന്ദ്യ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത, ബഹു. വൈദീകർ എന്നിവർ സമീപം.*

## വിവാഹിതരായി



*മണർകാട് തളികപറമ്പിൽ റ്റി. ജെ. ചാണ്ടിയുടെയും മറിയാമ്മ ചാണ്ടിയുടെയും മകൻ **രഞ്ജുവും** മാലം ചെറുകൊമ്പിൽ സി.ഐ. ഐപ്പിന്റെയും ആലീസ് ഐപ്പിന്റെയും മകൾ **ജീനുവും** മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽവെച്ച് വിവാഹിതരായി.*

# കപട ആത്മീയതയും പുതിയ ആൾ ദൈവങ്ങളും

(പേജ് 3-ൽ നിന്നും)

മ്പവും അവിടെവിടെ ഉണ്ടാകും. എങ്കിലും ഇതൊക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ. അന്നു അവർ നിങ്ങളെ ഉപദ്രവത്തിനേൽപ്പിക്കുകയും കൊല്ലുകയും ചെയ്യും. എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കുകയും പകയ്ക്കുകയും ചെയ്യും. കള്ള പ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവർ രക്ഷിക്കപ്പെടും. ദൈവരാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തൊക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും. ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും, ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല. വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും. അന്നു ആരാനും നിങ്ങളോട് ഇതാ ക്രിസ്തു ഇവിടെ, അല്ല അവിടെ എന്ന് പറഞ്ഞാൽ വിശ്വസിക്കരുത്. കള്ള ക്രിസ്തുക്കളും, കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും, അത്ഭുതങ്ങളും കാണിക്കും. ഓർത്തുകൊൾവീൻ ഞാൻ മുൻകൂട്ടി നിങ്ങളോട് പറഞ്ഞിരിയ്ക്കുന്നു. ആകയാൽ നിങ്ങളോട് അതാ അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്, ഇതാ അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളവും വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും. ശവം ഉള്ളടത്തു കഴുക്കൾ കൂടും. (മത്തായി 24-ന്റെ 4-28 വാക്യങ്ങൾ) ഇത് പറഞ്ഞിരിയ്ക്കുന്നത് പത്രോസും പൗലൂസും ഒന്നും അല്ല. സാക്ഷാൽ യേശുക്രിസ്തു തന്നെയാണ്. ഇന്നത്തെ സ്ഥിതികളുമായ് ഇതിന് എത്ര സാമ്യം. ഈറ്റുനോവ് ആരംഭിച്ചു കഴിഞ്ഞു. അവസാനത്തോളം പിടിച്ചു നിൽക്കുന്നവർ രക്ഷിക്കപ്പെടും.

ഇന്നത്തെ ആൾ ദൈവങ്ങളുടെ പ്രസംഗ പരമ്പരകൾ നാം ദർശിച്ചാൽ 80% വും സ്ത്രീജനങ്ങളുടെ കൂട്ടമാണ് നമുക്കു കാണുവാൻ സാധിക്കുന്നത്. (ടി. വി യിൽക്കൂടെ പല ആൾദൈവങ്ങളെ കാണുവാനും പ്രസംഗങ്ങൾ ശ്രവിക്കുവാനും അവരുടെ അത്ഭുതരോഗശാന്തി പ്രവർത്തനം കാണുവാനും സാധിക്കും.) സാക്ഷ്യം പറയുന്നതും കൂടുതലും സ്ത്രീകളാണ്. വി. പൗലൂസ് പറയുന്നത് ശ്രദ്ധിക്കൂ. അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും. മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും, അഹങ്കാരികളും, ദൂഷകന്മാരും, അമ്മയപ്പന്മാരെ അനുസരിക്കാത്തവരും, നന്ദികെട്ടവരും അശുദ്ധരും, വാത്സല്യമില്ലാത്തവരും, ഇണങ്ങാത്തവരും, അജിതേന്ദ്രിയന്മാരും, സൽഗുണദോഷികളും, ഉഗ്രന്മാരും, നിഗളികളുമായ് ദൈവപ്രിയമില്ലാതെ, ഭോഗപ്രിയരായി, ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിയ്ക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. (2 തീമോത്തിയോസ് 3:10). വീടുകളിൽ നൂണ് കടക്കുകയും പാപങ്ങളെ ചുമന്നുകൊണ്ട് നാനാമോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിൽ ഉള്ളവരാണ് (2 തീമോ. 4:1-4). അവർ പത്ഥ്യോപദേശം പൊറുക്കാതെ കേൾവിക്ക് ഇമ്പകരമാകുമാറ് സ്വന്തമോഹങ്ങൾക്ക് ഒത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന് ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും. നമ്മുടെ കർത്താവായ യേശുവിന്റെ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും, വാഗ്വാദത്തിന്റേയും ഭ്രാന്ത് പിടിച്ചു ചീർത്തിരിയ്ക്കുന്നു. അവയാൽ അസൂയ, ശണ്ഠ, ദൂഷണം, ദുഃസംശയം, ദുർബുദ്ധികളും, സത്യത്യാഗികളുമായ മനുഷ്യരുടെ വ്യർത്ഥവാദം എന്നിവ ഉളവാക്കുന്നു. അവർ ദൈവഭക്തി ആദായ സൂത്രം എന്ന് വിചാരിക്കുന്നു. അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും (1 തീമോ. 6:3-6). ഇന്നത്തെ ആൾ ദൈവങ്ങളുടെയും അവരുടെ സ്ത്രീ ബാഹുല്ല്യം ഏറിയ സദസ്സിനെപ്പറ്റിയുമാണ് മേൽ വിവരിച്ചത്. ആധുനിക സഭകളിലെ ചില സ്ത്രീ രത്നങ്ങൾ ഒറ്റയ്ക്കും കൂട്ടായും പല ഭവനങ്ങളിലും ചെന്നു സുവിശേഷം അറിയിക്കുന്നുണ്ട്. അതു യേശുവിന്റെ സ്നേഹ സുവിശേഷമല്ല. പിന്നയോ തങ്ങൾക്ക് കൈവന്ന അഥവാ കൈവരുവാൻ പോകുന്ന ഈ ലോകത്തിന്റെ സമ്പന്നതയുടെ സുവിശേഷം (Gospel of Prosperity) സാത്താന്റെ പല അടവുകളിൽ ഒന്നു ആണ് ഇത്. 2 തിമോ. 3ന്റെ 6-ൽ പറയുന്നതിന് മറുപടിയായി സ്ത്രീ, സ്ത്രീയോട് സുവിശേഷം അറിയിക്കുന്നു. ഇവർ സ്ത്രീകളെ ആദ്യം വല വീശി പിടിക്കും. അവരിലൂടെ ആ വീട്ടിലെ പുരുഷന്മാരെയും എന്തു വന്നാലും ഞാൻ അവരുടെ പുറകെ പോകുകയില്ല എന്നു പറഞ്ഞ പുരുഷന്മാരിൽ ചിലർ ഭാര്യയോടൊപ്പം ചേരുമ്പോൾ ചോദിച്ചാൽ പറയുന്ന വാചകം ഇതാണ് അവൾ എന്റെ വാരിയെല്ല് അല്ലേ, ഇനിയും അതിന്റെ പേരിൽ വീട്ടിൽ ഒരു കലഹം ഉണ്ടാകരുത് എന്നോർത്താണ് ഞാൻ അവരുടെകൂടെ പോയതെന്ന്. ഏദനിലെ പിശാച് ഒരിക്കൽക്കൂടി വിജയിച്ചു. യേശുവിലുള്ള ഭക്തിയോ വിശ്വാസമോ ഒന്നും അല്ല, ഭാര്യയുടെ കിളിമൊഴി അതാണ് പുരുഷന്റെ വിശ്വാസം. ഇപ്രകാരമുള്ള പുതു സഭകളിൽ ചെന്നുചേരുന്ന സ്ത്രീജനങ്ങൾ പൊതു സദസ്സുകളിൽപോയി പരിശുദ്ധാത്മാവിന്റെ പേര് പറഞ്ഞു തുള്ളുവാനോ അസത്യസാക്ഷ്യങ്ങൾ വിളിച്ചുപറയുവാനോ തുനിയാതെ! പത്രോസ് 3-ന്റെ 1 മുതൽ 6 വരെ വാക്യങ്ങൾ പഠിച്ചു, ദൈവത്തിൽ പ്രത്യാശവെച്ചിരുന്ന വിശുദ്ധ സ്ത്രീകളെപ്പോലെ നന്മ ചെയ്തു ജീവിക്കുക. സ്വന്തം കാര്യസാദ്ധ്യത്തിനും അത്ഭുത രോഗശാന്തിയ്ക്കും വേണ്ടി തങ്ങളുടെ സത്യവിശ്വാസത്തെ പണയപ്പെടുത്തി സ്വന്തം കുടുംബങ്ങളെ ക്രമേണ നശിപ്പിക്കുന്ന പ്രക്രിയ അവസാനിപ്പിച്ചു. വിശുദ്ധ കന്യകമറിയാമിനെപ്പോലെ വിനയമുള്ളവരായി, അസൂയയും ഏഷണിയും ഉപേക്ഷിച്ചു, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങി, നന്മചെയ്തു യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ സാറായുടെ മക്കൾ ആയി തീരും.

വിശ്വാസത്തിൽ തീവ്രവാദിയെന്ന് സ്വയം പറയുന്ന ഒരു ആൾ ദൈവത്തെ പരിചയപ്പെടാം. കത്തോലിക്കാ സഭയിൽ വന്നു വന്ന മറ്റൊരു പ്രാസംഗീകൻ. അദ്ധ്യാപകനായിരുന്നു. കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു, മാനസാന്തപ്പെട്ടു. വീണ്ടും ജനനം പ്രാപിച്ചു വെള്ളത്തിൽ മുങ്ങി വിശുദ്ധ സ്നാനം സ്വീകരിച്ചു തിരുവത്താഴം എടുത്തു വാനമേഘത്തിൽ പറന്നുപോകുവാൻ മുദ്രയിടപ്പെട്ട യേശുവിന്റെ സാക്ഷ്യയെന്ന് സ്വയം പരിചയപ്പെടുത്തുന്ന ഒരു വേർപാടുകാരൻ. മുല്ലക്കര ദേവസ്യാ സാർ.

സകലചാനലുകൾ വഴി വൻ പ്രചരണം നടത്തിതന്റെ അത്ഭുതപ്രവർത്തികളുടെയും പ്രഭാഷണം ഞങ്ങളെയും നിത്യവും കാണിക്കുന്ന ഒരു ആൾദൈവം. ഒരിയ്ക്കൽ പ്രസംഗിച്ചത് പല പ്രാവശ്യം സംപ്രേഷണം ചെയ്യും, ഒരാളെ സൗഖ്യമാക്കിയ സാക്ഷ്യം പല പ്രാവശ്യം കാണിക്കും. ആത്മാഭിഷേകം (Church of Internity) സഭയുണ്ടാക്കി . ആ സഭയുടെ ശ്രേഷ്ഠ ഇടയനായി വിരാജിക്കുന്നു. എപ്പിസ്കോപ്പൽ സഭകളെയും പുരോഹിതന്മാരെയും (പൗരോഹിത്യത്തേയും) വി. ബലിയെപ്പറ്റി അജ്ഞനായ ഒരു മനുഷ്യൻ. കേൾക്കാൻ ഇമ്പകരമല്ലാത്ത പ്രസംഗങ്ങളിലൂടെ, ഒരിക്കലും യോജിക്കാത്ത ഉപമകൾ നിരന്തരം പറഞ്ഞു യേശുവിന്റെ സുവിശേഷത്തെ വികലമാക്കുന്ന വ്യാഖ്യാതാവ്. മുല്ലക്കരസാറിന്റെ വിശേഷണം ഇതാണ്. കത്തോലിക്കാ സഭയിൽനിന്നും വന്ന ജോസ് ആനത്താനത്തിന്റെയും, മുല്ലക്കര ദേവസ്യായുടെയും വ്യാഖ്യാനങ്ങൾ രണ്ടു തരത്തിലുള്ളതാണ്. എത്ര കേട്ടിട്ടും പരിജ്ഞാനം പ്രാപിക്കാത്ത ഒരു കൂട്ടം സ്ത്രീജനങ്ങളുടെ നടുവിൽനിന്നുകൊണ്ട് ലോകചരിത്രത്തേയും എപ്പിസ്കോപ്പൽ സഭകളെപ്പറ്റിയും മുല്ലക്കര ദേവസ്യാസാർ പ്രസംഗിക്കുന്നു. കുറച്ചുകൂടി ഉയർന്നു അപ്പർ റൂമുകളിൽ ഇരുന്നു ജോസ് ആനത്താനം സാർ വചനം പ്രസംഗിക്കുന്നു. ഒരു കസേരയിൽ ഇരുന്നു കാലുകൾ വിറപ്പിച്ചുകൊണ്ട് മുല്ലക്കര സാർ അത്ഭുത രോഗശാന്തി നടത്തുമ്പോൾ ആനത്താനം സാർ കൈ ഒന്നു ഉയർത്തുമ്പോൾ പടുപടാന്ന് രോഗികളും ബന്ധിതരും താഴെ വീഴുന്നു. ഇതെല്ലാം യേശുവിന്റെ നാമത്തിലുള്ള രോകശാന്തികളും ബന്ധനം അഴിക്കലും ഒക്കെയാണ്. കോടാനുകോടി ജനങ്ങളുള്ള കത്തോലിക്കാ സഭയെയും പുരോഹിതന്മാരെയും മുല്ലക്കര സാർ വിശ്വാസം പഠിപ്പിക്കുവാൻ ശ്രമിക്കുന്നു. തന്റെ കൂടെ നിന്നു തന്നെ വളർത്തി വലുതാക്കി. പ്രസംഗം പഠിപ്പിച്ച ബിഷപ്പന്മാരെയും അച്ചന്മാരെയും കന്യാസ്ത്രീകളെയും ഒക്കെ വഞ്ചിച്ചു പുതുസഭ സൃഷ്ടിച്ചു. പുതുആത്മീയ വൃന്ദങ്ങളെ കൂട്ടിച്ചേർത്തു ബിഷപ്പുമാരെയും അച്ചന്മാരെയും ഒക്കെ തന്റെ സഭയിൽ ചേരുവാൻ ആനത്താനം സാർ ക്ഷണിക്കുന്നു. ഇതു അവരുടെ പ്രസംഗങ്ങളിലൂടെ അവർ ചെയ്യുന്ന സുവിശേഷ വേലയാണ്. ഇത് കേട്ട ആളിന്റെ വിവരവണമാണിത്. ലോകത്തിലുള്ളതെല്ലാം മുല്ലക്കരസാറിന് പുച്ഛമാണ്. ശാസ്ത്രം, സയൻസ് അതിൽ തന്നെയുള്ള കണ്ടുപിടുത്തങ്ങൾ ഒക്കെ അദ്ദേഹത്തിന് ദഹിക്കത്തില്ല. എന്നിരുന്നാലും ശാസ്ത്രം കണ്ടുപിടിച്ച റ്റി. വി. ചാനലുകളിലൂടെ വേണം അദ്ദേഹത്തിന് പ്രസംഗിക്കുവാൻ, ശാസ്ത്രം കണ്ടുപിടിച്ച മൈക്കിലൂടെ വേണം അദ്ദേഹത്തിന്റെ ശബ്ദം പുറത്തുവരാൻ. ശാസ്ത്രം കണ്ടുപിടിച്ച വിമാനത്തിൽ വേണം അദ്ദേഹത്തിന് അമേരിക്കയിലേയ്ക്ക് പറന്നു പണം ശേഖരിക്കുവാൻ അദ്ദേഹം ശാസ്ത്രത്തിന്റെയും സയൻസിന്റെയും കണ്ടുപിടുത്തങ്ങൾ ശരിക്കും ആസ്വദിച്ചുകൊണ്ട് അതിനെ കുറ്റം വിധിക്കുന്നു. ബൈബിളിൽ നിരന്തരം പറയുന്ന പൗരോഹിത്യം ഏതാണ് എന്നോ ബലി ഏതാണെന്നോ, ഇപ്പോഴുള്ള പൗരോഹിത്യവും ബലിയും എന്താണ് എന്നോ അറിയാൻ പാടില്ലാത്തതുകൊണ്ടല്ല മുല്ലക്കര സാർ ബൈബിളിലെ പൗരോഹിത്യത്തെ വ്യാഖ്യാനിക്കുന്നത്. അദ്ദേഹം ഇപ്പോൾ പറയുന്നപോലെ വ്യാഖ്യാനിച്ചില്ലെങ്കിൽ തന്റെ പുതുസഭ കെട്ടിപ്പെടുക്കാൻ സാധിക്കുകയില്ല. ക്രിസ്തീയ സഭകളെപ്പറ്റിയോ ചരിത്രത്തെപറ്റിയോ യാതൊരു വിവരവും ഇല്ലാത്ത ഒരദ്ധ്യാപകൻ ഈ മാന്യദേഹത്തിന്റെ ഒരു ദിവസനം നടത്തിയ പ്രഭാഷണം ഇങ്ങനെ പറയുന്നു. 16-ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥറിന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയതനുസരിച്ചു, യാഥാർത്ഥ വചനപ്രകാരമല്ല. കത്തോലിക്കാ സഭ നിങ്ങളുടെ ലൂഥർ വേദപുസ്തകം പഠിച്ചു സത്യം മനസ്സിലാക്കി കത്തോലിക്ക സഭയിൽ നിന്നും പിരിഞ്ഞു ആംഗ്ലിക്കൻ സഭയുണ്ടാക്കി. അതിന് ശേഷമാണ് യാക്കോബായ ഓർത്തഡോക്സ് പെന്തക്കോസ്തു സഭകൾ ഒക്കെ ഉണ്ടാകുന്നതെന്ന്. ലൂഥറിന് ശേഷമാണ് ലോകത്തു ഓർത്തഡോക്സ് സഭകൾ ഉണ്ടായത് എന്നു പറഞ്ഞ അദ്ധ്യാപകരായ മുല്ലക്കരസാറിന്റെ അജ്ഞതയിൽ പരിതപിക്കുന്നു. കത്തോലിക്ക സഭ മാത്രമല്ലായിരുന്നു ക്രിസ്തീയ സഭ, ക്രിസ്തീയ സഭയുടെ ഒരു ഭാഗം മാത്രമായിരുന്നു. കത്തോലിക്കാ സഭ. കത്തോലിക്കാ സഭയ്ക്കൊപ്പം ഉണ്ടായത്. അന്ത്യോഖ്യാ അലക്സാന്ത്രിയ ഓർത്തഡോക്സ് സഭകൾ വി. അഗസ്റ്റീനോസ് 5-ാം നൂറ്റാണ്ടിൽ സ്ഥാപിച്ചതാണ്. വി. കുർബ്ബാനയെന്നു അദ്ദേഹം തട്ടിവിട്ടു. ഒന്നാം നൂറ്റാണ്ടിൽ തന്നെ വി. യാക്കോബ് യറുശലേമിൽ വി. കുർബ്ബാന അർപ്പിച്ച വിവരം മുല്ലകരയ്ക്ക് അറിവില്ല. പരിജ്ഞാനം പ്രാപിക്കാത്ത സ്ത്രീകളുടെ സദസ്സിൽ ഈ അറിവില്ലായ്മ വിളമ്പിയാൽ അവർ അതുപക്ഷെ

(ശേഷം പേജ് 7-ൽ)

**കോലോ സുറിയോയോയുടെ പ്രവർത്തനത്തിൽ പങ്കാളിയാവുക**

*മണർകാട് വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണമായ കോലോ സുറിയോയോ രണ്ടു വർഷക്കാലമായി സൗജന്യമായി വിതരണം ചെയ്യുന്നു. നിങ്ങളുടെ വിശേഷദിവസങ്ങൾ (ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം) തുടങ്ങിയവ വളരെ മിതമായ നിരക്കിൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. പരസ്യങ്ങൾക്ക് ബന്ധപ്പെടുക. സെക്രട്ടറി അനൂപ് മാത്യു പീടിയേക്കൽ ഫോൺ: : 9633140100, എഡിറ്റർ സുരേഷ് ജോൺ കൈപ്പള്ളിൽ ഫോൺ : 9446073942,*
*sureshaboon@yahoo.com*

# കപട ആത്മീയതയും പുതിയ...

(പേജ് 6-ൽ നിന്നും)

കേട്ടെന്നു വരും. ലോകത്തു രണ്ടു അദ്ധ്യാത്മീകതയും കത്തോലിക്കാ അദ്ധ്യാത്മീകതയും ഇതൊക്കെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയതാണോ? എപ്പിസ്കോപ്പൽ സഭകളെയും, പൗരോഹിത്യത്തേയും വിമർശിക്കുന്ന മുല്ലക്കരയ്ക്ക് ആരു തന്നു സഭയുടെ ഇടയവേല ചെയ്യുവാനുള്ള അധികാരം? കൈവയ്പ് എവിടെനിന്നു ലഭിച്ചു. മുല്ലക്കര സാറിന്റെ അത്ഭുതരോഗശാന്തിയുടെ ദൃശ്യങ്ങൾ ടി. വി. യിലൂടെ കാണാം. ഒരു കസേരയിൽ കാലു കാലിന്മേൽ കയറ്റിവെച്ചു രോഗികളോട് ചോദിക്കുന്നു ഓരോ ചോദ്യം. നേരത്തെ ഇവിടെ വന്നിരുന്നോ അപ്പോൾ എന്നെ കണ്ടോ? അന്നേരം ഞാൻ എന്ത് പറഞ്ഞു? അതു ഇപ്പോൾ ശരിയായോ? പിന്നീട് ഒരു കൈയ്യിൽ മൈക്കും പിടിച്ചു മറുകൈ തലയിൽവെച്ചു ഒരു പ്രാർത്ഥന. പിന്നീട് രോഗിയോട് എഴുന്നേറ്റു കൈ കാലുകൾ കുടയുക. അങ്ങോട്ടു ഓടുക, ഇങ്ങോട്ടു ഓടുക, ചാടുക തുടങ്ങിയ നിർദ്ദേശങ്ങൾ അതു എല്ലാം കഴിഞ്ഞു സൗഖ്യം പ്രാപിച്ച രോഗിയുടെ സാക്ഷ്യം. എനിക്ക് 15 കൊല്ലമായി കാലുവേദനയായിരുന്നു. ഇപ്പോൾ സുഖമായി. 5 കൊല്ലമായി തലവേദനയായിരുന്നു അതു മാറി ഇങ്ങനെ പലതും പലതും ദേവസ്യാ സാറിന് ആയിരം നന്ദി. യേശുവേ സ്തോത്രം. സാറിനെ അന്വേഷിച്ചു ധാരാളം പേർ രോഗശാന്തിയ്ക്കായി എത്തുന്നു. സാറിന് സ്വയം പ്രശസ്തിയും നന്ദിയും കിട്ടും. രോഗശാന്തി ലഭിച്ചവർ രക്ഷിക്കപ്പെട്ടോ, അവരുടെ ജീവിതത്തെപ്പറ്റി പിന്നെ എന്തെങ്കിലും കാര്യം ഉണ്ടോ? അതൊന്നും തിരക്കേണ്ട കാര്യമല്ല. അപ്പോൾ വരുന്നവരുടെ ആവശ്യം രക്ഷിക്കപ്പെടുകയല്ല, തങ്ങളുടെ കാര്യങ്ങൾ സാധിക്കണം. അതിന് പുതിയ ആൾ ദൈവങ്ങൾ എപ്പോഴും റെഡി. ഓരോ സാക്ഷ്യവും ടി. വി. യിലൂടെ പർവ്വതീകരിച്ചു കാണിച്ചു, സ്വയം പുകഴ്ത്തലും ഉപചാരങ്ങളും കൊണ്ട് ക്രിസ്തുവിന് കിട്ടേണ്ട നന്ദിയും സ്തോത്രം ഒക്കെ ഈ ദൈവങ്ങൾ ഏറ്റെടുക്കുന്നു.

ജീവകാരുണ്യപ്രവർത്തനങ്ങളോ, നന്മചെയ്യുന്നതോ ഒന്നും സ്വർഗ്ഗരാജ്യ പ്രവേശനത്തിന് ബാധകമല്ല എന്നു പറഞ്ഞുനടന്നവർ ഇപ്പോൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കാരണം അതിന്റെ പേരിൽ പിരിച്ച് മുല്ലക്കരസാറിന്റെ ജീവകാരുണ്യപ്രവർത്തനഭാഗമാണ്. ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്നത് നിങ്ങൾ എനിക്ക് ചെയ്തു എന്ന ക്രിസ്തുവചനം ഉൾക്കൊണ്ട് അദ്ദേഹം നടത്തുന്ന അമ്മക്കിളിക്കൂടും അച്ചൻകിളിക്കൂടും ഏകദേശം 100 പേർ അവിടെ അന്തേവാസികളായ് അവിടെ കഴിയുന്നു. അതിന്റെ പേർക്കു സംഭാവന ചെയ്യുവാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. എല്ലാ ആൾദൈവങ്ങളെപ്പോലെ അദ്ദേഹവും വിദേശപര്യടനവും നടത്തുന്നു. അദ്ദേഹത്തിന്റെ വ്യക്തിപരമായ പ്രാർത്ഥനയും അത്ഭുതരോഗശാന്തിയും ആവശ്യമുള്ളവർ ബന്ധപ്പെടുവാൻ പറഞ്ഞുള്ള റ്റി. വി. പരസ്യങ്ങൾ മാസങ്ങളായ് നടന്നുകൊണ്ടിരിയ്ക്കുന്നു. ഈ മാസം 2-ാം തീയതി മുതൽ അമേരിക്കയിലും, ബ്രിട്ടനിലും, കുവൈറ്റിലും അദ്ദേഹവും സംഘവും സുവിശേഷ പര്യടനവും നടത്തുന്നു. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം സുവിശേഷത്തിനുപരിയായുള്ള പണസമ്പാദനം.

നിങ്ങൾ ദൈവശുശ്രൂഷയ്ക്കായിട്ടു വിളിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സങ്കുചിതമനസ്ഥിതിയും ആത്മീയ അഹന്തയും, അസഹിഷ്ണുതയും മാറ്റി സ്നേഹത്തോടും സൗമ്യതയോടും കർത്താവിന് ഹിതകരമായ വിധത്തിൽ വേല ചെയ്യുക. എപ്പിസ്കോപ്പൽ സഭകളെയും അതിലെ പൗരോഹിത്യത്തെപ്പറ്റിയും അറിവില്ലാതെ വി. വേദപുസ്തകത്തിലെ വചനങ്ങളെ നിങ്ങളുടെ കാര്യപ്രാപ്തിയ്ക്കുവേണ്ടി വികലമായി വ്യാഖ്യാനിച്ചു എത്ര പഠിച്ചിട്ടും പരിജ്ഞാനം ലഭിക്കാത്ത സ്ത്രീജനങ്ങളുടെയും സ്വന്തകാര്യലാഭത്തിനായി യാതൊരു വിശ്വാസവും ഇല്ലാത്ത കൂട്ടങ്ങളുടെയും ഇടയിൽ സ്വയം പൗരോഹിത്യവേല ചെയ്യുവാൻ ശ്രമിക്കാതിരിക്കുക. വി. കുർബ്ബാനയെ അവഹേളിക്കുന്ന നിങ്ങൾ പണത്തിന് വേണ്ടി യേശുവിന്റെ ജീവനുള്ള വചനങ്ങൾ ബലികഴിക്കാതിരിക്കുക.

അപ്പോസ്തോലവചനം: പ്രിയ സഹോദരനായ പൗലൂസ് തനിക്ക് ലഭിച്ച ജ്ഞാനത്തിന് തക്കവണ്ണം നിങ്ങൾക്കു എഴുതിയിട്ടുണ്ടല്ലോ. അവയിൽ ഗ്രഹിക്കാൻ പ്രയാസമുള്ളത് ചിലതു ഉണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതാതുങ്ങളുടെ നാശത്തിനായി കോട്ടികളയുന്നു. എന്നാൽ പ്രിയമുള്ളവരെ നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിയ്ക്കക്കൊണ്ട് അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്തസ്ഥിരത വിട്ടു വീണ് പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവീൻ. കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവീൻ.

2 പത്രോസ് 3-ന്റെ 15 മുതൽ 18 വരെ (തുടരും...)

# ഫോട്ടോ പ്രദർശനം

മണർകാട് പള്ളിയും മലയാള മനോരമയും ചേർന്ന് ദർശനം 2010 എന്ന പേരിൽ നടത്തുന്ന പള്ളിയുടെ പൂർവ്വചരിത്ര ഫോട്ടോ പ്രദർശനം ആഗസ്റ്റ് 29 ഞായറാഴ്ച 11.00-ന് ഐഡിയാ സ്റ്റാർ സിംഗർ ഫൈനലിസ്റ്റ് അഞ്ജു ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. സെപ്റ്റംബർ 10 വരെയുള്ള ദിവസങ്ങളിൽ പുതിയ പാരീഷ് ഹാളിന്റെ ഒന്നാം നിലയിൽ പൊതുജനങ്ങൾക്ക് വീക്ഷിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

# ഹോംസ് ആർച്ച് ബിഷപ്പ് മോർസിൽവാനോസിന് വരവേൽപ്പ്



മണർകാട്: ആകമാന സുറിയാനി സഭയുടെ ഹോംസ് ഭദ്രാസനാധിപൻ മോർ സിൽവാനോസ് പത്രോസ് മെത്രാപ്പോലീത്തായ്ക്ക് 5.00-ന് ഉച്ചയ്ക്ക് 1.30-ന് പള്ളിയുടെ പ്രധാന കവാടത്തിൽ വരവലേപ് നല്കും. മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനിപ്പള്ളിയെ കത്തീഡ്രലും, ആഗോള മരിയൻ തീർത്ഥാടന കേന്ദ്രവുമായി പ. പാത്രിയർക്കീസ് ബാവാ പ്രഖ്യാപിച്ചശേഷം ആദ്യമായിട്ടാണ് തന്റെ പ്രതിനിധിയെ പെരുന്നാൾ പരിപാടികളിൽ പങ്കെടുക്കുന്നതിനായി ഇവിടേക്ക് അയയ്ക്കുന്നത്.

മണർകാട് പള്ളിക്ക് ിസുനോറോപ്പള്ളി് എന്ന നാമം സിദ്ധിച്ച പരിശുദ്ധ ദൈവമാതാവന്റെ ഇടക്കെട്ട് കണ്ടെടുത്ത ഹോംസിലെ ദൈവാലയം ഉൾപ്പെടുന്ന ഭദ്രാസനത്തിന്റെ അധിപനാണ് മോർസിൽവാനോസ്.

# എട്ടുനോമ്പ് പെരുന്നാൾ പ്രോഗ്രാം

എല്ലാ ദിവസവും രാവിലെ 7.00 മുതൽ 8.00 വരെ കരോട്ടെ പള്ളിയിൽ വി. കുർബ്ബാന തുടർന്ന് 9.00 മുതൽ താഴത്തെ പള്ളിയിൽ അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന ഉച്ചക്ക് 12.30-ന് മദ്ധ്യാഹ്ന പ്രാർത്ഥന, 5.00 മണിക്ക് സന്ധ്യാപ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും.

ഒന്നാം ദിവസം രാവിലെ അഭിവന്ദ്യ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത, രണ്ടാം ദിവസം രാവിലെ ക്നാനായ ഭദ്രാസനാധിപൻ അഭിവന്ദ്യ കുര്യാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത, അന്നുവൈകിട്ട് 7.00 മണി മുതൽ അഖണ്ഡപ്രാർത്ഥന റവ. ഫാ. ജെ. മാത്യു മണവത്ത് നേതൃത്വം നൽകുന്നു. മൂന്നാം ദിവസം തൃശൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലീത്ത, നാലാം ദിവസം മലബാർ ഭദ്രാസനാധിപൻ അഭിവന്ദ്യ സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത, അഞ്ചാം ദിവസം വൈദീക സെമിനാരി റെസിഡന്റ് മെത്രാപ്പോലീത്ത അഭിവന്ദ്യ കുര്യാക്കോസ് മോർ തെയോഫീലോസ് മെത്രാപ്പോലീത്ത എന്നിവർ കുർബ്ബാന അർപ്പിക്കുന്നതാണ്. തുടർന്ന് ഉച്ചക്ക് 2.00 മണിക്ക് വിവിധ സംഘടനകളുടെ പൊതുസമ്മേളനം ശ്രേഷ്ഠ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. അഭിവന്ദ്യ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കുന്നു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പുമന്ത്രി ശ്രീമതി അംബികാ സോണി, മുഖ്യപ്രഭാഷണം നടത്തുന്നു. ബഹു. കേരള തുറമുഖ, യുവജനക്ഷേമ വകുപ്പു മന്ത്രി ശ്രീ. വി. സുരേന്ദ്രൻ പിള്ള, ബഹു. കേരള നിയമസഭാ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി, ബഹു. എം. പി. ജോസ് കെ. മാണി, ബഹു. എം. എൽ. എ. വി. എൻ. വാസവൻ തുടങ്ങിയവർ ആശംസകൾ അർപ്പിക്കുന്നു.

കോറെപ്പിസ്കോപ്പ സ്ഥാനം ലഭിച്ച വെരി. റവ. കുറിയാക്കോസ് ഏബ്രഹാം കറുകയിൽ, റവ. ഫാ. മാത്യൂസ് വടക്കേടത്ത്, റവ. ഫാ. ജെ. മാത്യു മണവത്ത് എന്നിവരെ അനുമോദിക്കുന്നു.

തുടർന്ന് ഹോസ്പിറ്റൽ ബ്ലോക്കിന്റെ ഉദ്ഘാടനം, സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പുതിയ ബ്ലോക്ക് ഉദ്ഘാടനം, സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പുതിയ ബ്ലോക്ക് ഉദ്ഘാടനം, സേവകാസംഘം നിർമ്മിച്ച പത്ത് ഭവനങ്ങളുടെ അടിസ്ഥാന ശിലവിതരണം, യൂത്ത് അസ്സോസിയേഷൻ നൽകുന്ന ഭവനത്തിന്റെ താക്കോൽ ദാനം, പ്രശസ്ത പരിചമുട്ടുകളി ആശാൻ ശ്രീ. കുഞ്ഞപ്പന് അനുമോദനം, വയോജന സംഘടന, വനിതാ സമാജം അംഗങ്ങൾ എന്നിവരെ പൊന്നാട അണിയിക്കൽ, മെറിറ്റ് അവാർഡ് വിതരണം എന്നിവ ഉണ്ടായിരിക്കും.

ആറാം ദിവസം അങ്കമാലി ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്താ, തുടർന്ന് ഉച്ചക്ക് 2.00 മണിക്ക് കുരിശുപള്ളികളിലേക്കുള്ള റാസ, ഏഴാം ദിവസം യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് വി. കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിക്കുന്നു. തുടർന്ന് 11.30-ന് മദ്ധ്യാന പ്രാർത്ഥയിൽ വി. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെ ഛായാചിത്രം പൊതുദർശനത്തിനായി തുറക്കുന്നു. വൈകിട്ട് 10.00 -ന് പ്രദിക്ഷണം, 11.00 ന് കരിമരുന്ന് പ്രയോഗം, 12.00-ന് മാർഗ്ഗം കളി, പരിചമുട്ടുകളി

പെരുന്നാൾ ദിവസമായ എട്ടാം തീയതി രാവിലെ അന്ത്യോഖ്യാ പ്രതിനിധി ഹോംസിലെ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മോർ സിൽവാനോസ് പത്രോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും കോഴിക്കോട് ഭദ്രാസനത്തിന്റെ അഭിവന്ദ്യ പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തിലും വി. കുർബ്ബാന അർപ്പിക്കുന്നു. 2.00-ന് പ്രദിക്ഷണം, ആശീർവാദം, 3.00-ന് നേർച്ചവിളമ്പോടെ പെരുന്നാൾ സമാപിക്കുന്നു.

തുടർന്നുള്ള ദിവസങ്ങളിൽ 9-ാം തീയതി ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ കുര്യാക്കോസ് മോർ ക്ലീമീസ് മെത്രാപ്പോലീത്ത, 10-ാം തീയതി, കോഴിക്കോട് ഭദ്രാസനത്തിന്റെ അഭിവന്ദ്യ പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്താ, 11-ാം തീയതി ഹോണോവാർ മിഷന്റെ അഭിവന്ദ്യ യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലീത്താ, 12-ാം തീയതി പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ അഭിവന്ദ്യ മർക്കോസ് മോർ ക്രിസ്സോസ്റ്റമോസ് മെത്രാപ്പോലീത്താ, 13-ാം തീയതി ദയറാ പ്രസ്ഥാനങ്ങളുടെ അഭിവന്ദ്യ ഗീവറുഗീസ് മോർ ബർണബാസ് മെത്രാപ്പോലീത്താ, 14-ാം തീയതി തുമ്പമൺ ഭദ്രാസനത്തിന്റെ യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത എന്നിവർ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതാണ്. 14-ാം തീയതി സന്ധ്യാപ്രാർത്ഥനയെ തുടർന്ന് നട അടയ്ക്കുന്നു. ഈ വർഷം 1 മുതൽ 13 വരെ എല്ലാദിവസവും വൈദ്യുത ദീപാലങ്കരങ്ങൾ ഉണ്ടായിരിക്കും.

New Fashion
LEATHER WORKS
Pala Road, Manarcad Jn. Phone: 9946471445

ന്യൂ ഫാഷൻ ലെതർ വർക്സിന്റെ വിപുലീകരിച്ച ഷോറൂം പ്രവർത്തനം ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. ഇതുവരെ ഞങ്ങളോട് സഹകരിച്ച എല്ലാ ഉപഭോക്താക്കൾക്കും നന്ദി. തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

എന്ന്, പ്രൊപ്രൈറ്റർ

വിവിധ കമ്പനികളുടെ
ഷൂസുകൾ, ചെരിപ്പുകൾ, ബാഗുകൾ, കുടകൾ, ബെൽറ്റുകൾ
എന്നിവ കമ്പനി വിലയ്ക്ക് ലഭ്യമാണ്.



POPY
Bata VKC action





KRYSTAL ENTERPRISES
College Jn., Pathanamthitta
0468-2223952

When she's creative.
And he's conservative.
Thank God there's Regency!

Regency TILES
The Fine Art of Living

www.regencytiles.com


Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Mangalam Prinets Ltd., Kottayam